**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1036** **25.01.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. അപ്നാഘർ പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇനിയെന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. തൊഴിലാളികളുടെ നിലവിലെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്തുവാനും മൊബൈൽ ഹെൽത്ത് ക്ലിനിക് ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ജോലി നോക്കി വരവെ മരണമടയുന്ന തൊഴിലാളികളുടെ മൃതദേഹം സ്വന്തം നാട്ടിലെത്തിക്കുന്നതിന് സഹായകരമായ ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ക്ഷേമ പദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | ക്ഷേമ പദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിലേക്കായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കായി ജില്ലാതലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും നടത്തിവരുന്നു. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ടും തൊഴിൽ ചൂഷണം ഒഴിവാക്കുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം.റേഡിയോയിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് (ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ) പരസ്യം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.